File No: B6/21651/2018

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി : 05/06/2020

## സർക്കുലർ നം : 5 / 2020

**വിഷയം :** ട്രഷറി – ജീവനക്കാര്യം – ട്രഷറർമാരുടെ നിയമനം – മാർഗ്ഗ നിർദ്ദേശങ്ങൾ –സംബന്ധിച്ച്

**സൂചന:** 1) സ.ഉ(അച്ചടി)നം:41/2020/ധന തീയതി 13/04/2020

2) സീനിയർ അക്കൗണ്ടുമാരുടെ താൽക്കാലിക സീനിയോറിറ്റി പട്ടിക

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം പരിഷ്കരിച്ച ട്രഷറർ നിയമന വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് താഴെപറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

I. സീനിയർ അക്കൗണ്ടന്റ് തസ്തികയിലേക്ക് പുതുതായി സ്ഥാനക്കയറ്റം ലഭിക്കുന്ന എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തി സീനിയോറിറ്റി മാനദണ്ഡമാക്കി ഒരു സീനിയോറിറ്റി പട്ടിക ജില്ലാ ട്രഷറി തലത്തിൽ ട്രഷറർ നിയമനത്തിനായി തയ്യാറാക്കേണ്ടതാണ്. പുതിയ ട്രഷറർ നിയമനങ്ങൾ പൂർണ്ണമായും ഈ പട്ടികയിൽ നിന്നാണ് നടത്തേണ്ടത്. ഇത് ഒരു ശാശ്വത പട്ടിക ആയിരിക്കുന്നതാണ്. ഒരിക്കൽ തയ്യാറാക്കിയാൽ പിന്നീട് സ്ഥാനക്കയറ്റമോ സ്ഥലംമാറ്റമോ മൂലം ജില്ലയിലേക്ക് നിയമനം ലഭിച്ചുവരുന്ന സീനിയർ അക്കൗണ്ടന്റ്മാരുടെ പേരുകൾ സീനിയോറിറ്റി പട്ടികയിലെ മുൻഗണനാക്രമത്തിൽ അതിനോട് ചേർത്താൽ മതിയാകും. ഒരിക്കൽ തയ്യാറാക്കിയ പട്ടികയിൽ പിന്നീട് ഉണ്ടാകുന്ന സീനിയോറിറ്റി പട്ടികയിലെ മാറ്റം അനുസരിച്ചു സ്ഥാനമാറ്റം അനുവദിക്കാൻ പാടില്ല.

II. സൂചന ഉത്തരവിലെ ഖണ്ഡിക VI പ്രകാരം ട്രഷറർ ചുമതലയിൽ നിന്നും ഇളവ് അനുവദിച്ചിരിക്കുന്ന വിഭാഗങ്ങളെ അവരുടെ അപേക്ഷ പരിഗണിച്ചും യോഗ്യത തെളിയിക്കുന്ന രേഖകളുടെ ആധികാരികത പരിശോധിച്ച് ബോധ്യപ്പെട്ടും ഇവരെ ട്രഷറർ നിയമനത്തിനുള്ള മുൻഗണന പട്ടികയിൽനിന്നും ജില്ലാ ട്രഷറി ഓഫീസർ ഒഴിവാക്കേണ്ടതാണ്.

III. പുതുതായി സ്ഥാനക്കയറ്റം ലഭിച്ചുവരുന്ന സീനിയർ അക്കൗണ്ടന്റ്മാരെ ട്രഷറർ ചുമതലയിലേക്ക് നേരിട്ട് നിയോഗിക്കാൻ പാടില്ല. ഇവരെ നിലവിൽ ഒഴിവുള്ള സീനിയർ അക്കൗണ്ടന്റ് തസ്തികയിൽ നിയമിക്കേണ്ടതും ആ ട്രഷറിയിലെ ട്രഷറി ഓഫീസറുടെ മേൽനോട്ടത്തിൽ നിലവിലുള്ള ട്രഷറർ മുഖേന രണ്ടാഴ്ചത്തെ പ്രായോഗിക പരിശീലനം നൽകേണ്ടതുമാണ്.

IV. ഇങ്ങനെ രണ്ടാഴ്ചത്തെ പ്രായോഗിക പരിശീലനം വിജയകരമായി പൂർത്തീകരിച്ച, മുൻ ഖണ്ഡിക ഒന്ന് പ്രകാരം തയ്യാറാക്കിയ ട്രഷറർ നിയമനത്തിനുള്ള ജില്ലാതല സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട സീനിയർ അക്കൗണ്ടന്റുമാരെ സീനിയോറിറ്റി പാലിച്ചുകൊണ്ട് സൂചന(1) ഉത്തരവ് പ്രകാരം, ഒഴിവ് വരുന്ന ട്രഷറർ തസ്തികയിലേക്ക് നിയമിക്കേണ്ടതാണ്.

V. ഇനിമുതൽ ട്രഷറർ നിയമന കാലാവധി മൂന്ന് വർഷമാണ്. ട്രഷറർ നിയമനത്തിനുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ട് നിയമിച്ചിരിക്കുന്ന എല്ലാ ട്രഷറർമാരും പുതുതായി നിയമനം ലഭിക്കുന്ന ട്രഷറർമാരും നിർബന്ധമായും മൂന്നുവർഷം ട്രഷററായി സേവനം ചെയ്യേണ്ടതാണ്.

VI. സൂചന ഉത്തരവ് തീയ്യതിക്ക് മുൻപ് നിയമിച്ചിരിക്കുന്ന ട്രഷറർമാരെ അവർക്ക് സമ്മതമെങ്കിൽ അവരുടെ ട്രഷറർ കേഡറിലെ സേവനകാലം മൂന്ന് വർഷം കഴിഞ്ഞാലും സീനിയർ അക്കൗണ്ടന്റ് കേഡറിൽ നിന്നുള്ള സ്ഥാനക്കയറ്റം വരെ ട്രഷറർ ആയി തുടരാൻ അനുവദിക്കാവുന്നതാണ്. മൂന്നുവർഷം പൂർത്തിയായവരെ അവർ മാറ്റം ആവശ്യപ്പെടുകയാണെങ്കിൽ അപേക്ഷ പരിഗണിച്ച് ട്രഷറർ ചുമതലയിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

VII. ജൂനിയറായ സീനിയർ അക്കൗണ്ടന്റുമാർ എന്ന ട്രഷറർ നിയമനത്തിനുള്ള വ്യവസ്ഥയിൽ ഭരണസൗകര്യാർത്ഥം ഇളവ് നൽകി നിയമിച്ചിരിക്കുന്ന ട്രഷറർമാരെ അവർ ട്രഷറർ ചുമതലയിൽനിന്നും ഒഴിവാക്കാൻ അപേക്ഷ നൽകുകയാണെങ്കിൽ അത് പരിഗണിച്ച് അവരെ ട്രഷറർ ചുമതലയിൽ നിന്നും ഒഴിവാക്കേണ്ടതും ഇവർക്ക് പകരം ട്രഷറർ നിയമനത്തിനുള്ള പട്ടികയിൽ നിന്നും പുതിയ ട്രഷറർ നിയമനം നടത്തേണ്ടതുമാണ്. ഇതിന് ആധാരമാക്കേണ്ടത് ജില്ലാ ട്രഷറി തലത്തിലെ സീനിയോറിറ്റി ആണ്.

VIII. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാരും തങ്ങളുടെ ചുമതലയിലുള്ള ട്രഷറികളിൽ അധിക ട്രഷറർമാരുടെ സേവനം ആവശ്യമുണ്ടോ എന്ന് പരിശോധിച്ചശേഷം ആവശ്യമെങ്കിൽ സൂചന ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് അധിക ട്രഷറർമാരെ നിയോഗിക്കേണ്ടതുമാണ്.

IX. സൂചന സർക്കാർ ഉത്തരവിന്റെ തീയ്യതി മുതലുള്ള ട്രഷറി വകുപ്പിലെ എല്ലാ ട്രഷറർ നിയമനത്തിലും ഈ ഉത്തരവിന്റെ എല്ലാ വ്യവസ്ഥകളും എല്ലാ ട്രഷറി ഓഫീസർമാരും പാലിച്ചിരിക്കേണ്ടതാണ്.

X. ജില്ലാ ട്രഷറി ഓഫീസർമാരുടെ മേൽ നടപടിയുടെ ഭാഗമായുള്ള ഉപയോഗത്തിനായി സീനിയർ അക്കൗണ്ടന്റുമാരുടെ ഒരു താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് സൂചന രണ്ട് പ്രകാരം ലഭ്യമാക്കുന്നു.

XI. സൂചന ഉത്തരവിന്റെ ഖണ്ഡിക VI പ്രകാരമുള്ള ഇളവ് അല്ലാതെ ഈ ഉത്തരവിന്റെ മറ്റൊരുവ്യവസ്ഥയിലും ഇളവ് അനുവദിക്കാൻ ജില്ലാ ട്രഷറി ഓഫീസർമാർക്ക് അധികാരമില്ല.

**എ എം ജാഫർ**
**ട്രഷറി ഡയറക്ടർ**

സ്വീകർത്താവ് : എല്ലാ ജില്ലാ ട്രഷറി /സബ് ട്രഷറി /സ്റ്റാമ്പ് ഡിപ്പോ ഓഫീസർമാർക്കും

പകർപ്പ് : ഡയറക്ടറുടെ സി എ/ജോയിന്റ് ഡയറക്ടർ I &II/ഡെപ്യൂട്ടി ഡയറക്ടർ (HQ)
അസിസ്റ്റന്റ് ഡയറക്ടർ /സീനിയർ സൂപ്രണ്ട് (ബി)കരുതൽ
എല്ലാ റീജിയണൽ ഡെപ്യൂട്ടിഡയറക്ടർമാർക്കും

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്